# കൊളക്കാട് മിക്സഡ് എൽ പി സ്കൂൾ - മുച്ചുകുന്ന്.



## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 26

ആമുഖം

കൊളക്കാട് മിക്സഡ് എൽ.പി സ്കൂളിന്റെ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്കൂളിന്റെ കാഴ്ചപ്പാട്, അധ്യാപകർ ലക്ഷ്യങ്ങൾ. വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും. കുട്ടികളുടെ ഭൗതികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും, ആത്യന്തികമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സജീവമായ പി.ടി.എ, എസ് എം സി അധ്യാപകർ, പിന്തുണ നൽകുന്ന രക്ഷിതാക്കൾ എന്നിവയുടെ സജീവ സഹകരണത്തോടെയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്.

## സ്കൂൾ വിവരങ്ങളും പശ്ചാത്തലവും

കൊയിലാണ്ടി ഉപജില്ലയിൽ കൊടക്കാട്ടും മുറി സ്ഥിതിചെയ്യുന്ന എയിഡഡ് എൽ.പി സ്കൂളാണ് കൊളക്കാട് വിക്ലദ് എൽ.പി സ്കൂൾ. ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലായി നാല് അധ്യാപകരും കൂടാതെ എൽ.കെ.ജി, യു.കെ.ജി. എന്നീ ക്ലാസുകളിലായി പി.ടി.എ യുടെ സഹകരണത്തോടെ രണ്ട് താൽക്കാലിക അധ്യാപകരും സേവനമനുഷ്ഠിക്കുന്നു. ഒന്നു മുതൽ നാലുവരെ ക്ലാസുകളിലായി 61 വിദ്യാർത്ഥികളും നഴ്സറി ക്ലാസുകളിൽ 18 വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നു. വിദ്യാർത്ഥികൾക്ക് ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനായി അമ്മാളു അമ്മ, ഷൈല എന്നിവർ ഇവിടെ ജോലി ചെയ്യുന്നു.

പ്രവേശനോത്സവം മുതൽ വാർഷികാഘോഷം വരെ നിരവധി പരിപാടികൾ പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി മാനേജർ എന്നിവരുടെ സഹകരണത്തോടെ ഇവിടെ നടന്നു വരുന്നു.

## നേട്ടങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം

ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിടം

മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം

കലാ പഠനം, പ്രവൃത്തി പരിചയം, എന്നിവയ്ക്ക് പ്രത്യേക പരിശീലനം

പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം

സർഗ്ഗാത്മക വേദികൾ, ജനാധിപത്യ വേദികൾ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം

പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു

കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

## പരിമിതികൾ

മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞില്ല.

വായനക്ക് പ്രോത്സാഹനം നൽകുന്നു എങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.

കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

കുട്ടികളുടെ പഠനത്തിനാവശ്യമായ ലാപ്ടോപ്പുകൾ ഇല്ല.

ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമായിട്ടില്ല.

# പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ-കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും

ഓരോ പഠനം പൂർത്തിയാക്കുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളെയും സമൂഹത്തെ അറിയിക്കും

കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും

വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാവരെയും വിദ്യാലയത്തിലേക്ക് ആകർഷിക്കും.

ഒരു കുട്ടിപോലും പൊതുവിദ്യാലയത്തിൽ എത്തിപ്പെട്ടതിന്റെ പേരിൽ അറിവും കഴിവും നേടാതെ പോകില്ലെന്ന്

ഉറപ്പ് വരുത്തും

ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതു ശൗചാലയങ്ങൾ ശുചിയാക്കി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നു സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കും.

എല്ലാ കുട്ടികൾക്കും ആരോഗ്യ സംരക്ഷണം, പോഷകാഹാരം, ശുചിത്വശീലം എന്നിവ ഉറപ്പ് വരുത്തും

കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കും.

എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പ്രാദേശിക പഠനയാത്ര സംഘടിപ്പിക്കും

പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപിന്നോക്കാവസ്ഥ പരിഹരിക്കും.

സഭാകമ്പമില്ലാതെ സദസ്സിനെ അഭിമുഖീകരിക്കാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തും

സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തും

CPTA, SSG ശക്തമാക്കും.

2025-26 വർഷം പ്രത്യേകം ഊന്നൽ നൽകുന്ന പദ്ധതികൾ

മലയാളത്തിളക്കം

ഓരോ ക്ലാസിലും പ്രീ-ടെസ്റ്റ് നടത്തുന്നു നേടേണ്ട ശേഷികൾ പൂർണ്ണമായും നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു. മലയാളം എഴുതാനും വായിക്കാനും കഴിയാത്തവർക്കായി ദിവസവും രാവിലെ 1 മണിക്കൂർ പരിശീലനം നൽകും.

ചുമതല: ദീന ടീച്ചർ

വിവിധ മേളകൾ

കലാ കായിക, ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുപ്പിക്കാൻ പരിശീലനം നൽകും. രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്തും

ചുമതല: അനന്തു മാഷ്.

എൽ. എസ്. എസ് പരിശീലനം

നാലാം ക്ലാസിലെ മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി സ്കോളർഷിപ്പിന് പ്രാപ്തരാക്കുന്നു

## Easy English

English ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി spoken English class നടത്തിയിരുന്നു, കൂടാതെ daily English in class room പ്രവർത്തനം.

charge: [illegible] മാഷ്

## JRC

2 മുതൽ 4 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് അംഗത്വം നൽകുന്നു. ഇവരുടെ പ്രവർത്തനം സജീവമാക്കൽ.

charge: അനന്തു മാഷ്

## ഫീൽഡ് ട്രിപ്പ്

വിവിധ പഠന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ വിനോദം, പഠനം എന്നീ ലക്ഷ്യങ്ങൾ

charge: ബിൽജി.

മെയ് : 29 SRG.

ജൂൺ

2 : പ്രവേശനോത്സവം
4 : SRG
5 : പരിസ്ഥിതിദിന പ്രവർത്തനങ്ങൾ

3 to 13 : സമഗ്ര ഗുണമേന്മ പദ്ധതി
പ്രവർത്തനങ്ങൾ.

12 : SRG, [illegible] Zumba

19 : വായന ദിന പ്രവർത്തനങ്ങൾ
ലൈബ്രറി ഉദ്ഘാടനം

21 : അന്താരാഷ്ട്ര യോഗ ദിനം
യോഗ ക്ലാസ്

24 : SRG.

26 : ലഹരി വിരുദ്ധ ദിന പ്രവർത്തനങ്ങൾ

27 : SRG

ജൂലായ്

5 : ബഷീർദിന പരിപാടികൾ
7 : സ്കൂൾ election
8 : SRG
18 : SRG.
21 : ചാന്ദ്രദിന പരിപാടി

28

ആഗസ്ത്

1 : SRG
6 : ഹിരോഷിമ ദിനം
8 : SRG
15 : സ്വാതന്ത്ര്യ ദിന പരിപാടികൾ
JRC ഉദ്ഘാടനം
18 : സ്കൂൾ സ്പോർട്സ്
22 : SRG

സെപ്തംബർ

3 : ഓണാഘോഷം
12 : SRG
22 : സ്കൂൾ കലാമേള
26 : SRG , LSS പരിശീലനം

ഒക്ടോബർ

2 : ഗാന്ധി ജയന്തി
3 : SRG
4 : സ്കൂൾ LSS പരിശീലനം

നവംബർ :

1 : കേരളപ്പിറവി ദിനം
7 : SRG
14 : ശിശുദിനം

ഡിസംബർ

5 : SRG
12 : SRG
24 : ക്രിസ്മസ് കരോൾ

ജനുവരി

1 : പുതുവത്സര ദിനം
3 : SRG
26 : റിപ്പബ്ലിക് ദിനം

ഫിബ്രവരി

4 : SRG
8 : JRC ക്യാമ്പ്

മാർച്ച്

2 : SRG
വാർഷികം.